കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മാടക്കത്തറ ഗ്രാമപഞ്ചായത്ത്

## 2017-18

## ഓഡിറ്റ് റിപ്പോർട്ട്

**ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ**

**e-mail: dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-ടി.എസ്.ആർ.(പി8)839/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
PIN :680 020.
തീയതി:13/06/19
Ph.No. 0487 2331249
e-mail: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാടക്കത്തറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:മാടക്കത്തറ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

<u>പകർപ്പ് :-</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-ടി.എസ്.ആർ.(പി8) 839/19 തീയതി: 13/06/19

## തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 01.04.2017 മുതൽ 31.3.2019 തിയ്യതി വരെയുള്ള വിവിധ

ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ.കെ., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 5.4.19 മുതൽ 16.4.19 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

| | |
|---|---|
| ശ്രീമതി. വിജയശ്രീ.പി. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ശിവദാസൻ.എ.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.സ്റ്റാൻലി.പി.എസ് | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ . ജോയ്സൻ സി.ജെ | ഓഡിറ്റർ |
| ശ്രീമതി.ധന്യ.എ.സുരേന്ദ്രൻ | ഓഡിറ്റർ |

**നിർവ്വഹണ അധികാരികൾ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | പി.എസ്. വിനയൻ | 1.04.17 മുതൽ 31.03.18 വരെ |
| സെക്രട്ടറി | എം.പി. സന്തോഷ് കുമാർ | 01.04.2017 to 16.06.2017 FN |
| | വേലായുധൻ.വി.എൻ. | 16.06.2017 AN to 31.03.2018 |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | സത്യാ വർമ്മ.പി. സി. | 01.04.2017 to 31.3.18 |
| അസിസ്റ്റന്റ് എഞ്ചിനീയർ | കിമി ബോസ് കെ. | 1.4.2017 to 04.10.2017 FN |
| | | |

| | | |
|---|---|---|
| | പ്രവിത.കെ.ആർ. | 04.10.2017 AN to 31.3.18 |
| മെഡിക്കൽഓഫീസർപി.എച്ച്.സി | ഡോ. രാജി. പി.ജി | 1.4.2017 to 28.06.2017 |
| | ഡോ.രഞ്ജിത്ത്. പി.കെ. | 29.06.2017 to 16.10.2017 FN |
| | ഡോ. വിനീത. കെ.ആർ | 16.10.2017 AN to 31.3.18 |
| മെഡിക്കൽഓഫീസർആയുർവ്വേദം | ഡോ.പി.എം. ഹരീശ്വരൻ | 1.4.2017 to 31.3.2018 |
| വെറ്ററിനറി സർജൻ | രഞ്ചു ഏലിയാസ് | 1.4.2017 to 31.3.2018 |
| വി.ഇ.ഒ. (കരുവാൻകാട് സർക്കിൾ) | ശശിധരൻ.പി.ബി. | 1.4.2017 to 19.08.2017 |
| | ലിൻസൺ.കെ. ഡേവീസ് | 20.8.2017 to 31.3.2018 |
| വി.ഇ.ഒ.(വെള്ളാനിക്കര സർക്കിൾ) | ശശിധരൻ.പി.ബി. | 1.4.2017 to 02.07.2017 |
| | ലിൻസൺ.കെ. ഡേവീസ് | 03.07.2017 to 31.3.2018 |
| അസിസ്റ്റൻറ് സെക്രട്ടറി | ടി.എൽ. അജിത്ത് പ്രസാദ് | 1.04.2017 to 31.3.2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | സയന. എസ്. | 01.04.2017 to 16.05.2017 |
| | ദീപ്തി.എം.യു. | 17.05.2017 to 31.3.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സ്മൃതി വാസുദേവൻ, | 1.4.2017 to 30.06.2017 |
| | മഹേഷ്.വി.സി. | 01.07.2017 to 28.07.2017 FN |
| | | |

| | | |
|---|---|---|
| | അമ്പിളി. എൻ.എസ് | 28.07.2017 AN to 31.3.2018 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | അബ്രഹാം വൈദ്യർ | 01.04.2017 മുതൽ 31.03.18 വരെ |

**ഉള്ളടക്കം**

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |

**ഭാഗം-II**

**വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

| ക്രമ നമ്പർ | ഖണ്ഡിക | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | 2-1 |
| 2 | വസ്തുനികുതി തെറ്റായി നിർണ്ണയിക്കുന്നു-ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു | 2-2 |
| 3 | പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന്റെ കരാർ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് പുതുക്കി | 2-3 |
| 4 | നഴ്സറികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-4 |
| | | |

| ക്രമ നമ്പർ | ഖണ്ഡിക | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | 2-1 |
| 5 | വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്-ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു | 2-5 |
| 6 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 2-6 |

## ഭാഗം-III

## ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങിയത്. വ്യക്തമായ കാരണം കാണിക്കാതെ താഴ്ന്ന ടെൻഡറുകൾ നിരസിച്ചു | 3-1 |
| 2 | തെരുവു വിളക്ക് എ.എം.സി.യിലെ അപാകതകൾ | 3-2 |
| 3 | വിദ്യാർത്ഥികൾക്ക് പഠന മുറി –പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ | 3-3 |
| 4 | എസ്.സി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ.വാങ്ങൽ നടപടിക്രമങ്ങളിലെ അപാകത | 3-4 |
| 5 | അസി.സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്ടുകളിലെ വാങ്ങലുകളിലെ പൊതു അപാകതകൾ. | 3-5 |
| 6 | ബാലസഭ പ്രവർത്തനങ്ങൾക്ക് കൈമാറിയ തുകയുടെ വിനിയോഗം കൃത്യമല്ല. | 3-6 |
| 7 | ആശ്രയ കുടുംബങ്ങൾക്ക് ഭവന നിർമ്മാണം. പ്രവർത്തി ആരും സാക്ഷ്യപ്പെടുത്തുകയോ സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്തിട്ടില്ല. | 3-7 |
| 8 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല – ചെലവു തുക 167205/- രൂപ തടസ്സപ്പെടുത്തുന്നു | 3-8 |
| 9 | ജാഗ്രതാ സമിതി ഓഫീസിലേയ്ക്ക് ഫർണ്ണീച്ചർ, കംപ്യൂട്ടർ, പുസ്തകങ്ങൾ വാങ്ങൽ-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തു | 3-9 |
| 10 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-10 |
| 11 | സൗജന്യമായി വിട്ടുകിട്ടിയ സ്ഥലങ്ങൾ പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തേണ്ടതാണ് | 3-11 |
| 12 | കള്ളായി കുടിവെള്ളപദ്ധതി-പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടില്ല | 3-12 |
| 13 | സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമല്ലാത്ത ഇനങ്ങൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചു | 3-13 |
| 14 | മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 3-14 |

| | | |
|---|---|---|
| 15 | റോഡ് പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകിയത് – അപാകതകൾ. | 3-15 |
| 16 | കന്നുകുട്ടി പരിപാലന പദ്ധതി-പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-16 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 12 | ഓഡിറ്റ്സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം 1
# പൊതു അവലോകനം

## 1-1 ബജറ്റ്

| 2017-18 ലെ ബജറ്റ്പാസ്സാക്കിയ കമ്മിറ്റി തീരുമാനം/തിയതി | തീരുമാനം നമ്പർ 1/ 29.03.2017 | |
|---|---|---|
| പ്രതീക്ഷിത വരവ്, ചെലവ് | വരവ് | ചെലവ് |
| | 16,53,94,397 | 16,03,93,626 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 20.06.2018 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 29-06-2018 മുതൽ 30-06-2018 വരെ | കെ.എസ്.എ ടി.എസ്.ആർ(ഇ3)1150/ /18(44) തീയതി 13-07-2018 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 14620468 |
| വരവ് | 67121360 |
| ആകെ | 81741828 |
| ചെലവ് | 75237400 |
| നീക്കിബാക്കി | 6504428 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 14362000 | 14362000 | 12552263 | 1809937 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 4539227 | 4539227 | 4433834 | 105393 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 5998 | 5998 | 5998 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 6594000 | 6594000 | 6594000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3178000 | 3178000 | 2506438 | 671562 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6745389 | 6745389 | 6687609 | 57780 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 2785222 | 2785222 | 2785222 | 0 |
| സാക്ഷരത | | 0 | 25000 | 25000 | 25000 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5786 | 858683 | 864469 | 862825 | 1644 |
| | തൊഴിലാളികളുടെ കൂലി | 0 | 20905825 | 20905825 | 20905825 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| TSC | | 2076 | 110256 | 112332 | 112332 | 0 |
| ICDS | | 167923 | 479944 | 647867 | 478504 | 169363 |
| Keralolsavam | | 0 | 20000 | 20000 | 20000 | 0 |
| Vimukthi | | 0 | 12500 | 12500 | 0 | 12500 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 3525000 | 3525000 | 863000 | 266200 |
| | ജില്ലാ | 0 | 800000 | 800000 | 800000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | പഞ്ചായത്ത് | | | | | |
| ബി ഫണ്ട് | | | | | | |
| തൊഴിൽ രഹിത വേതനം | | 0 | 40800 | 40800 | 40800 | 0 |
| വാർദ്ധക്യകാല പെൻഷൻ | | 0 | 19221700 | 19221700 | 19221700 | 0 |
| കർഷക തൊഴിലാളി പെൻഷൻ | | 0 | 4520300 | 4520300 | 4520300 | 0 |
| അവിവാഹിത പെൻഷൻ | | 0 | 1861900 | 1861900 | 1861900 | 0 |
| വിധവ പെൻഷൻ | | 0 | 13271200 | 13271200 | 13271200 | 0 |
| വികലാംഗ പെൻഷൻ | | 0 | 2934300 | 2934300 | 2934300 | 0 |
| മാര്യേജ് അസിസ്റ്റൻസ് | | 0 | 240000 | 240000 | 240000 | 0 |
| പാഡി പ്രൊഡക്ഷൻ ബോണസ് | | 0 | 125456 | 125456 | 125456 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 9069000 | 9069000 | 4840996 | 4228004 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | | | | | |
| | വിൽവെട്ടം സർവ്വീസ് സഹകരണ ബാങ്ക് | 1469392 | 240277 | 1709669 | 5 | 1709664 |
| | വെള്ളാനിക്കര സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 132072 | 4843 | 136915 | 0 | 136915 |
| | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | 5232034 | 13785154 | 19017188 | 13833184 | 5184004 |
| | OAP SBI ഒല്ലൂക്കര | 12249 | 457 | 12706 | 0 | 12706 |
| | ട്രഷറി STSB | 7636848 | 12042147 | 19678995 | 20529373 | -850378 |
| | J V STSB | 0 | 4325000 | 4325000 | 4202831 | 122169 |
| മറ്റിനം | | | | | | |
| ദുരിതാശ്വാസ നിധി | | 15829 | 601 | 16430 | 0 | 16430 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | | | | | | |
| ഭവനനിധി | | 0 | 0 | 0 | 0 | 0 |
| TDCB FD | | 0 | 0 | 0 | 0 | 0 |
| e-payment | | 0 | 63495 | 63495 | 15379 | 48116 |

# 1-6 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 162 | 67632644 | 105 | 43137805 | 53 | 4 | 63.78 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5786 | 858683 | 864469 | 862825 | 1644 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 20905825 | 20905825 | 20905825 | 0 |

# 1-8 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 40800 | 83 |
| കർഷകതൊഴിലാളി പെൻഷൻ | 4520300 | 389 |
| വിധവാ പെൻഷൻ | 13271200 | 1139 |
| വാർദ്ധക്യകാല പെൻഷൻ | 19221700 | 1554 |
| വികലാംഗപെൻഷൻ | 2934300 | 242 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1861900 | 163 |
| വിധവകളുടെപെൺമക്കൾക്കുള്ള വിവാഹധനസഹായം | 240000 | 8 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 06.04.2019-ാം തിയ്യതിയിൽ3.30 pm ന നടത്തി.12639/- /- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

വസ്തുനികുതി തെറ്റായി നിർണ്ണയിക്കുന്നതിനാൽ പഞ്ചായത്തിന് തനതുവരുമാനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്,പഞ്ചായത്തിൽ വസ്തുനികുതി നാളിതുവരെയും 100% കൈവരിച്ചിട്ടില്ല.മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്ന സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇക്കാര്യങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ജി.ഒ.(പി) 177/06ധനം 12.4.06ലെ ഖണ്ഡിക 18(3) അനുസരിച്ച് എല്ലാനിർവഹണ ഉദ്യോഗസ്ഥരും ടി.ആർ 7 എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റേയും വരവ് ചെലവ് വിവരം രേഖപ്പെടുത്തേണ്ടതാണ്.റോഡ്കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല. പദ്ധതിമാർഗ്ഗരേഖപ്രകാരം റോഡ് ഭൂപടം തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിലാണ് റോഡ് പ്രവൃത്തികൾ ആസൂത്രണം ചെയ്യേണ്ടത്. റോഡ് പ്രവൃത്തികൾക്ക് പഞ്ചായത്തിൽ നിന്നും ബിറ്റുമെൻ വാങ്ങി നൽകുമ്പോൾ ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 22/01/2019 | 12/2018 | 19/03/2019 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ | 20.03.2014 മുതൽ 16.04.2014 | 2008-09 to 2012-13 | 21.06.2014 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 62 2(എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ. തീയതി 26/7/2011 , കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

3. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 കാലയളവിലെ "Net Decrease in Cash and Cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 92,30,562/- രൂപയാണ്. എന്നാൽ ഇതേ പത്രികകയിൽ 2017-18 കാലയളവിൽ "Net Cash used up by operating + investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 92,60,015/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

4. ഇൻകം & എക്സ്പൻഡിച്ചർ അക്കൗണ്ട് പ്രകാരം "280000000 – Prior Period Item"എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ നടപടിക്രമങ്ങളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പൻഡിച്ചർ അക്കൗണ്ട്- ഷെഡ്യൂൾ I-18) | 31/03/2018 ലെ നീക്കിയിരിപ്പ് |
|---|---|
| 280100101 – Prior Period Income – Property tax on residential Building | 6,71,272 |
| 280200401 - Prior Period Income – Other Incomes | (73,250) ` (320200322 Grants from Suchitwa Mission – Rs. 71,820) |

5. 350410104 Advance Collection of Revenues – Property tax on Non Residential Buildings എന്ന ശീർഷകത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ Rs. 23,718/- ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഇത് ലഭിച്ചിരിക്കുന്നത് നികുതി ദായരിൽ നിന്നല്ല മറിച്ച് 431100103 – Receivables for Property tax on Non – Residential Building (Current) എന്ന ശീർഷകത്തെ ഡെബിറ്റ് ചെയ്തു കൊണ്ടാണ്. ഈ എൻട്രി രേഖപ്പെടുത്തിയത് സാധൂകരിക്കുന്ന വൗച്ചറുകളോ, നടപടി ക്രമങ്ങളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

അതു പോലെ 350410101 Advance Collection of Revenues - Property tax on Residential Buildings എന്ന ശീർഷകത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ Rs. 1,32,139/- 431100101 - Receivables for Property tax on Residential Building (Current) എന്ന ശീർഷകത്തെ ഡെബിറ്റ് ചെയ്തു കൊണ്ട് ക്രെഡിറ്റായി കാണിച്ചിട്ടുണ്ട്. ഇതിനെ സാധൂകരിക്കുന്ന വൗച്ചറുകളോ നടപടിക്രമങ്ങളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

6. 01/04/2017 -ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റെസിഡെൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയും പുതിയ അസസ്മെന്റ് തുകകൾ, തുടർന്ന് പുതിയ ഡിമാന്റ് തുകയായി കണക്കിൽ രേഖപ്പെടുത്തുകയുമാണ് വേണ്ടത്. എന്നാൽ "110100101/110100103 – Property tax on Residential / Non Residential Building"എന്ന ശീർഷകങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ട് തവണയായി രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ആയതിനാൽ റമിഷൻ, എഴുതിത്തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ പോകുന്നു. വസ്തു നികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും, രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ നടത്തി ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. വസ്തു നികുതിയുടെ ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാൻഡ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ് വെയർ ആയ സാംഖ്യ യിൽ ഡിമാൻഡ് ആയി ചേർക്കുന്നത്. വസ്തു നികുതി സ്വീകരിച്ച് രസീത് നൽകുന്നത് ലെഡ്ജർ തയ്യാറാക്കുന്നതും സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കുന്ന സഞ്ചയ സോഫ്റ്റ് വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും, ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാൻഡ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. വസ്തു നികുതിയുടെ തൻവർഷം, കുടിശ്ശിക എന്നീ ഇനങ്ങളിലെ ഡിമാൻഡ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ താരതമ്യം താഴെ ചേർക്കുന്നു.

**7.1 വസ്തു നികുതി - തൻവർഷം**

7.1.1 റെസിഡൻഷ്യൽ

| | ഡിമാൻഡ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം | 2906329 | 2211561 | 232927 | 593980 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2906329<br>(ഇൻകം & എക്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ എ െ-1) | 2211561<br>(റസീപ്റ്റ് & പേയമെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | 232927<br>350410101 – Advance collection – PT on Res.bldg- | 593980<br>*<br>(ബാലൻസ്/105x100) (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) |

| | | | | |
|---|---|---|---|---|
| | | | ന്റെ ലെഡ്ജർ | |

7.1.2 നോൺ റെസിഡൻഷ്യൽ

| | ഡിമാൻഡ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം | 2128649 | 1708206 | 58929 | 385232 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2128649 | 1708206 | 58929 | 385232 |
| | (ഇൻകം & എക്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ എെ-1) | (റസീപ്റ്റ് & പേയമെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | 350410101 – Advance collection – PT on Non - Res.bldg- ന്റെ ലെഡ്ജർ | * (ബാലൻസ്/105x100) (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 7.2 വസ്തു നികുതി കുടിശ്ശിക

7.21. റെസിഡൻഷ്യൽ

| | ഡിമാൻഡ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം | 2134941 | 1710065 | 424876 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4031512 | 1710065 | 425515 |
| | (2016-17 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 15 (105x100=) | (റസീപ്റ്റ് & പേയമെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | * (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15)/ 105x100 |

7.2.2. നോൺ റെസിഡൻഷ്യൽ

| | ഡിമാൻഡ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം | 1187614 | 605548 | 582066 |
| വാർഷിക കണക്കിലെ | ഇല്ല | 605548 | 582066 |
| | (2016-17 ലെ | (റസീപ്റ്റ് & | * |

| | | | |
|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി -15 (അരിയർ + കറന്റ്) 105 * 100 | പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15)/ 105x100 |

വസ്തു നികുതി കുടിശ്ശികയുടെ (റെസിഡൻഷ്യൽ & നോൺ റെസിഡൻഷ്യൽ) ഡിമാൻഡ് "സഞ്ചയ" യിലും "സാംഖ്യ" യിലും വ്യത്യസ്തമാണ്. വസ്തു നികുതി തൻവർഷ കളക്ഷൻ വിവിധ ക്രമീകരണങ്ങളിലൂടെ പൊരുത്തപ്പെടുത്തിയിട്ടുണ്ടെങ്കിലും അത്തരം ഇടപാടുകളെ സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. (ഖണ്ഡിക 5 കാണുക). മാത്രമല്ല ഓഡിറ്റിന് ലഭ്യമാക്കിയ "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിത ക്രിയയിൽത്തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാൻഡ് - (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായി ബാക്കി തുക സോഫ്റ്റ് വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാഃ- പട്ടിക 7.1.1 പട്ടിക 7.1.2)

8. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

അസി.എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ 18 ഓളം കരാറുകാർ പഞ്ചായത്തിൽ വിവിധ മരാമത്ത്പണികളിൽ കരാറിലേർപ്പെട്ടിട്ടുണ്ട്. എന്നാൽ ആരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക (എൻക്വയറി നം.29,തി.16.04.2019)കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി തെറ്റായി നിർണ്ണയിക്കുന്നു- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

1.മാടക്കത്തറ ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ഇതര വ്യവസായങ്ങൾക്ക് വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള അപേക്ഷകളിൽ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ ഇതര വ്യവസായങ്ങൾക്ക് വസ്തുനികുതിയുടെ അടിസ്ഥാന നിരക്ക് ചതുരശ്രമീറ്ററിന് 20/-രൂപ നിരക്കിലാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം നിശ്ചയിച്ചിട്ടുള്ളത് ചതുരശ്രമീറ്ററിന് 40/-രൂപ നിരക്കിലാണ്. ചതുരശ്രമീറ്ററിന് 20/-രൂപ നിരക്കിൽ ഈടാക്കുന്നതുമൂലം ഗ്രാമ പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ കുറവു സംഭവിക്കുന്നുണ്ട്.ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/11.04.19-നുള്ള മറുപടിയിൽ എസ്.എസ്.ഐ രജിസ്ട്രേഷനുള്ളതിനാലാണ് ചതുരശ്രമീറ്ററിന് 20/- രൂപ

നിരക്കിൽ നികുതി ഈടാക്കിയതെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. MSME രജിസ്ട്രേഷനുള്ള വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്കാണ് വസ്തു നികുതി ഇളവുള്ളത്. (മിനിമം 15@ച.മീ., ഉയർന്നത് 25 @ച.മീ.) എന്നാൽ എം.എസ്.എം.ഇ. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട രേഖകളൊന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതര വ്യവസായങ്ങൾക്ക് മുൻ വർഷങ്ങളിൽ വസ്തു നികുതി നിർണ്ണയിച്ച അപേക്ഷകളിലും ഇപ്രകാരമുള്ള അപാകത സംഭവിച്ചിട്ടുണ്ടാകുമെന്നതിനാൽ ആയവ പരിശോധിച്ച് പുനർ നിർണ്ണയിക്കേണ്ടതാണ്.

2.2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള അപേക്ഷകളിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കാക്കിയതായി കാണുന്നില്ല. 5 മീറ്ററോ അതിൽ കൂടുതലോ ഉള്ള വഴികൾക്ക് ചട്ടപ്രകാരം വസ്തുനികുതിയിൽ 20% വർദ്ധനവ് ആവശ്യമാണ്. എന്നാൽ 1.അപേക്ഷ എ4/7371/17 തി.17/01/2018 (കെട്ടിടനം.III/495E)പ്രകാരം ലിജോ എൻ.ജെ,നിരപ്പേൽ ഹൗസ് 2. അപേക്ഷ എ4/8815/17 തി.11/12/2017 (കെട്ടിടനം.12/171A)പ്രകാരം ജോബി&ആഷ,കാഞ്ഞിരത്തിങ്കൽ ഹൗസ്,എന്നവരുടെ കെട്ടിടം വസ്തു നികുതി നിർണ്ണയിച്ചപ്പോൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കാക്കിയിട്ടില്ല. കെട്ടിടത്തിന്റെ സൈറ്റ് പ്ലാൻ പ്രകാരം 5 മീറ്റർ റോഡെന്നാണ് കാണിച്ചിട്ടുള്ളത്. ആയതിനാൽ ഇത്തരം അപേക്ഷകളിൽ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ വസ്തുനികുതിയിൽ 20% വർദ്ധനവ് ആവശ്യമാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 14/11.04.19നുള്ള മറുപടിയിൽ 5 മീറ്റർ റോഡിൽ നിന്നും 3 മീറ്റർ വരുന്ന പ്രൈവറ്റ് റോഡിലേക്ക് അഭിമുഖമായിട്ടാണ് കെട്ടിടം നിലനിൽക്കുന്നതെന്നും, ആയതുകൊണ്ടാണ് വസ്തുനികുതിയിൽ 20% വർദ്ധനവ് കണക്കാക്കാതെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതെന്നുമാണ് മറുപടി നൽകിയത്.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 പട്ടിക 2-ന താഴെയുള്ള കുറിപ്പ് പ്രകാരം ഒരു കെട്ടിടത്തിന്റെ മുമ്പിലും വശത്തുമായി രണ്ടുത്തരം റോഡുകളുണ്ടായിരിക്കുകയും അവയിൽ ഒരു റോഡിൽ നിന്നു മാത്രം കെട്ടിടത്തിലേക്ക് പ്രവേശന മാർഗ്ഗം ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്ന സംഗതിയിൽ, അവയിൽ പ്രധാനപ്പെട്ട റോഡിൽ നിന്നും കെട്ടിടത്തിലേക്ക് വഴി സൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കേണ്ടതാണ്. ആയതിനാൽ 5m വഴി സൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കേണ്ടതും, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് വസ്തുനികുതിയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

2017-18 സാമ്പത്തിക വർഷം ഇപ്രകാരം വർദ്ധനവ് കണക്കാക്കാതെ വസ്തു നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ പരിശോധനാവിധേയമാക്കി വസ്തു നികുതി പുനർ നിർണ്ണയിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-3 <u>പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന്റെ കരാർ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് പുതുക്കി</u>

പഞ്ചായത്തിന്റെ 8/186 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന്റെ വാടകക്കരാർ പുതുക്കിയിരുന്നില്ല. 13.06.2017 ലെ 10ാം നമ്പർ തീരുമാനപ്രകാരം കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനമെടുത്തിരുന്നു എങ്കിലും തുടർ നടപടി ഉണ്ടായില്ല.5% വാടക വർദ്ധനവ് നടത്തിയിട്ടുണ്ട്. ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (എൻക്വയറി നം.12/10.04.2019)എഗ്രിമെന്റ് പുതുക്കി. കരാർ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് കരാർ യഥാസമയം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-4 <u>നഴ്സറികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

ഗ്രാമപഞ്ചായത്തിൽ നിരവധി സസ്യ നഴ്സറികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും സ്ഥാപന ഉടമകൾ തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിച്ചതായോ തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളതായോ ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സസ്യ നഴ്സറികളുടെ

എണ്ണം, തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ എന്നിവയുടെ വിശദാംശം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.17,തി.11.04.2019) നൽകിയിരുന്നു. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി സസ്യ നഴ്സറികളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് തീരുമാനമെടുക്കുകയും അഗ്രി.ഹോർട്ടി.അസോസിയേഷനും അംഗങ്ങൾക്കും നോട്ടീസ് നൽകിയെന്നും എന്നാൽ സസ്യ നഴ്സറികൾ പ്രവർത്തിക്കുന്നത് കാർഷികമായാണെന്നും, ഡി ആന്റ് ഒ ലൈസൻസ് പരിധിയിൽ വരുന്നില്ലായെന്നും കാണിച്ച് അഗ്രി.ഹോർട്ടി.അസോസിയേഷൻ അംഗങ്ങൾ തൊഴിൽ നികുതി അടവാക്കാൻ തയ്യാറായില്ലായെന്നും ഓഡിറ്റ് അന്വേഷണത്തിനു മറുപടി നൽകിയിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് കമ്മിറ്റി തീരുമാനത്തിനു വിധേയമായി സർക്കാരിൽ നിന്നും സ്പഷ്ടീകരണം തേടുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 2-5 വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്-ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

മാടക്കത്തറ ഗ്രാമ പഞ്ചായത്തിൽ വസ്തുനികുതി നാളിതുവരെയും 100% കൈവരിച്ചിട്ടില്ല. 31.03.18 തിയതിയിലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം 20,86,133/- രൂപ വസ്തു നികുതി കുടിശ്ശികയുണ്ട്. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് 11/04/2019-ാം തിയ്യതിയിൽ ഓഡിറ്റ് എൻക്വയറി 14 നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ വസ്തുനികുതി 100% കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, ബി.എസ്.എൻ.എൽ. എന്നീ സ്ഥാപനങ്ങൾ 2017-18 സാമ്പത്തിക വർഷം സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. ബി.എസ്.എൻ.എൽ. ട്രാൻസാക്റ്റിങ്ങ് ബിസ്സിനസ്സ് സ്ഥാപനമല്ലാത്തതിനാൽ സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന ഹർജി തള്ളിക്കൊണ്ടുള്ള ബഹു.ഹൈക്കോടതി ഉത്തരവിന്റെ ജഡ്ജ്മെന്റിന്റെ പകർപ്പ് സഹിതം ഓഡിറ്റ് അന്വേഷണത്തിനു (നം.27,തി.12.04.2019) മറുപടി നൽകിയിട്ടുണ്ട്. BSNL സ്ഥാപനങ്ങൾ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണ്. BSNL സ്ഥാപനങ്ങളെ തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കി കൊണ്ടുള്ള ഉത്തരവുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്. പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്ന സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വൃദ്ധജനങ്ങൾക്ക് കട്ടിൽ വാങ്ങിയത്. വ്യക്തമായ കാരണം കാണിക്കാതെ താഴ്ന്ന ടെൻഡറുകൾ നിരസിച്ചു

പ്രോജക്ട് നമ്പർ –9/18, പട്ടികജാതിക്കാരായ നിർദ്ധന വൃദ്ധർക്ക് കട്ടിൽ

ബിൽ നമ്പർ. 12/17-18 തിയ്യതി. 19.01.2018

തുക. 98900/-

നി.ഉ.അസി.സെക്രട്ടറി

പ്രോജക്ടിന്റെ ഭാഗമായി ഫിറ്റ് വെൽ എന്ന കമ്പനിയിൽ നിന്നും 4320 രൂപ നിരക്കിൽ കട്ടിലുകൾ വാങ്ങിയിട്ടുണ്ട്.

ഈ പ്രോജക്ടിനായി ടെൻഡറുകൾ ക്വോട്ട് ചെയ്ത വിധം താഴെ ചേർക്കുന്നു

| | ക്ലാസ്സിക് ഏജൻസീസ് | മെട്രോ ഏജൻസീസ് | സൂപ്പർ ഷൈൻ ഇൻഡസ്ട്രീസ് | ഫിറ്റ് വെൽ കുരിയച്ചിറ |
|---|---|---|---|---|
| ഐറ്റം സ്പെസിഫിക്കേഷൻ | കൺട്രി വുഡ്-3970 കരിവാക-4190 തേക്ക് മരം-4280 | No required Specification | ആഞ്ഞിലി, പ്ലാവ് , മാഞ്ചിയം-4300. തെങ്ങ്-3900 | ആഞ്ഞിലി-4320 |

1. നാലു സ്ഥാപനങ്ങളിൽ മൂന്നെണ്ണവും ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമാണ് റേറ്റ് ക്വാട്ട് ചെയ്തത്. പക്ഷേ ടെൻഡർ നോട്ടീസിലെ സ്പെസിഫിക്കേഷനിൽ മരത്തിന്റെ തരം വ്യക്തമാക്കിയിരുന്നില്ല. ആ നിലക്ക് ഏതു സാഹചര്യത്തിലാണ് കുറഞ്ഞ ടെൻഡർ തള്ളിയത് എന്ന് വ്യക്തമല്ല. മരത്തിന്റെ തരം വ്യക്തമാക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങൾക്കും ഒരേ തരത്തിൽ റേറ്റ് സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

2. കൺട്രി വുഡ് ഒഴിവാക്കിയാൽ ക്ലാസ്സിക് ഏജൻസീസിന്റെ 4190 രൂപയുടെ ടെൻഡർ സ്വീകരിച്ചാൽത്തന്നെ ആകെ വ്യത്യാസം 3190 രൂപയാണ്.

വ്യക്തമായ കാരണം കൂടാതെ കുറഞ്ഞ ടെൻഡറുകൾ നിരാകരിക്കുന്നത് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. വാങ്ങൽ നടപടികൾ നിർദ്ദേശാനുസൃതമാക്കാൻ നിർവ്വഹണഉദ്യോഗസ്ഥൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 3-2 തെരുവു വിളക്ക് എ.എം.സി.യിലെ അപാകതകൾ

1.2016-17,2017-18 വർഷങ്ങളിലെ തെരുവു വിളക്ക് എ.എം.സി യുടെ കരാർ വ്യവസ്ഥകളിൽ ഗ്രാമപഞ്ചായത്തിൽ 919 ഡബിൾ ട്യൂബ് സെറ്റ്, 206 സിംഗിൾ ട്യൂബ് ലൈറ്റ്, 766 സി.എഫ്.എൽ എന്നിവ ഉണ്ട് എന്ന് കണക്കാക്കുകയും ആനുപാതികമായി മെയിന്റനൻസ് ചാർജ് എല്ലാ വിളക്കുകൾക്കും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിളക്കുകളുടെ ആകെ എണ്ണം കണക്കാക്കിയതിന് ആധികാരികമായ രേഖകൾ ഒന്നും നിലവിലില്ല എന്ന് കാണുന്നു.

2.തദ്ദേശസ്വയംഭരണ വകുപ്പിന്റെ 3055/DA3/2011/തസ്വഭവ തി. 15/09/11 ഉത്തരവിൽ ഖണ്ഡിക G പ്രകാരം തെരുവു വിളക്കുകളുടെ എണ്ണം കണക്കാക്കുന്നതിന് കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ അത്തരമൊരു പരിശോധന നടന്നിട്ടില്ല.

3.27/08/2016 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം 01/10/16 മുതൽ 30/09/2017 വരെ കാലയളവിലേക്ക് ശ്രീ.രാധാകൃഷ്ണൻ.എ. അമ്മാത്ത് വീട് എന്നയാളുമായി എ.എം.സി ഒപ്പിട്ടിട്ടുണ്ട്. ആയതു പ്രകാരം ശ്രീ. രാധാകൃഷ്ണന് നൽകിയ തുക, പഞ്ചായത്ത് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയ പ്രകാരം ആകെ നടത്തിയ പ്രവർത്തിയുമായി ബന്ധപ്പെട്ട തുക എന്നിവയിലെ വ്യത്യാസം താഴെ ചേർക്കുന്നു.

| നൽകിയ തുക | | | | സാക്ഷ്യപ്പെടുത്തിയ പ്രവർത്തി | | |
|---|---|---|---|---|---|---|
| ആകെ വിളക്കുകളുടെ തരം | എണ്ണം | ക്വോട്ട് ചെയ്ത തുക | മൊത്തതുക | വിളക്കുകളുടെ എണ്ണം | തുക | വ്യത്യാസം |
| ഡബിൾ ട്യൂബ് ലൈറ്റ് | 919 | 690 | 634110 | 813 | 560970 | 73140 |
| സിംഗിൾ ട്യൂബ് ലൈറ്റ് | 206 | 492 | 101352 | 166 | 81672 | 19680 |
| സി.എഫ്.എൽ | 766 | 393 | 301038 | 390 | 153270 | 147768 |
| ആകെ | | | 1036500 | | 795912 | 240588 |

മേൽ പട്ടികയിൽ നിന്നും 240588/- രൂപയുടെ പ്രവർത്തി കരാറുകാരന് ചെയ്യേണ്ടി വന്നിട്ടില്ല എന്ന് കാണാം. സംയുക്ത പരിശോധന നടത്തി എണ്ണം തിട്ടപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഇത് വ്യക്തമാക്കുന്നു. ചെയ്ത ജോലിക്കു മാത്രം വേതനം നൽകുന്ന തരത്തിലേക്ക് പുതിയ കരാറുകൾ മാറ്റാൻ കഴിയുമോ എന്നും പരിശോധിക്കാവുന്നതാണ്.

# 3-3 വിദ്യാർത്ഥികൾക്ക് പഠന മുറി - പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ –അസി.സെക്രട്ടറി

(1) പ്രോജക്ട് നമ്പർ. 73/18 – (പട്ടികജാതി വിദ്യാർത്ഥിനികൾക്ക് പഠന മുറി)

ഈ പ്രോജക്ടിൽ ധനസഹായം നൽകിയിരിക്കുന്ന ശ്രീജ, തെക്കും പുറം വെട്ടിക്കുന്നേൽ എന്നയാൾക്ക് പുതിയ നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ എൻ.ഒ.സി. ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആകെ 161953 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. എൻ.ഒ.സി.യുടെ അഭാവത്തിൽ നിലവിലുള്ള വീടിന്റെ വിസ്തൃതി അനുവദനീയപരിധിക്കുള്ളിലാണോ എന്നത് പരിശോധിക്കാൻ കഴിഞ്ഞില്ല. പഞ്ചായത്തിന്റെ അനുമതി കൂടാതെ പഞ്ചായത്തിന്റെ ധനസഹായത്തോടെ നിർമ്മാണ പ്രവർത്തികൾ നടക്കുന്നത് ഗൗരവതരമായ പരിശോധനകൾക്ക് വിധേയമാക്കേണ്ട ഒന്നാണ്. (ധനസഹായം അധികം നൽകിയത് തുടർഖണ്ഡികയിൽ തടസ്സപ്പെടുത്തിയിരിക്കുന്നു.)

2. പ്രോജക്ട് നമ്പർ. 126/17(163/18) (പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി)

ബിൽ നമ്പർ.1/17-18 തിയ്യതി. 20/06/17 തുക 100000/-

(i) 16-17 വർഷം തുടങ്ങിയ ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി 60000/- രൂപ പ്രണവ് പി.പി., പനയത്ത് വളപ്പിൽ എന്നയാൾക്കും 40000/- രൂപ അഖിൽ ദാസ്, ചാക്കേരി വീട്ടിൽ എന്നയാൾക്കും നൽകിയിട്ടുണ്ട്. ബിൽ നമ്പർ ( 1/17-18 തിയ്യതി. 20/06/2017) തുക അവസാനഗഡു ആണ് എന്ന് പഞ്ചായത്ത് സമർപ്പിച്ച മറുപടിയിൽ വ്യക്തമാകുന്നു. സ.ഉ.നമ്പർ (സ.ധ) 626/2016 /തസ്വഭവ തിയ്യതി. 15/02/16 പ്രകാരമുള്ള എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ 100000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ii)പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - സർക്കാർ ഉത്തരവിനേക്കാൾ അധികരിച്ച് തുക നൽകിയിരിക്കുന്നു. അധികം നൽകിയ തുക 30000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

23.05.2017 ലെ സർക്കാർ ഉത്തരവ് GO(Rt) 1683 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് വീടിനോടൊപ്പം പഠനമുറി നിർമ്മിക്കുന്നതിന് ഒരു ലക്ഷം രൂപ ആകെ നൽകാവുന്നതാണ്. എന്നാൽ മാടക്കത്തറ പഞ്ചായത്തിൽ താഴെ ചേർക്കുന്ന രണ്ട് ഗുണഭോക്താക്കൾക്ക് ഒരു ലക്ഷം കൂടുതൽ തുക ധനസഹായമായി അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ബിൽ നമ്പർ/ തിയ്യതി, തുക | ശ്രീജ തങ്കപ്പൻ | ഉണ്ണിമായ |
|---|---|---|---|
| 1 | 14/17-18 തി.15.02.18, തുക -80,000/- | 50,000 | 30,000 |
| 2 | 19/17-18 തി.31.03.18 | 75,000 | 75,000 |
| 3 | 1346445/ 12.03.19 | 36,953 | - |
| 4 | 270638/ 27.02.19 | - | 29707 |
| | ആകെ | 161953 | 134707 |
| | അധികം അനുവദിച്ചത് | 61953 | 34707 |

മേൽ പ്രകാരം ശ്രീജ തങ്കപ്പന് 161953/- രൂപയും ഉണ്ണിമായക്ക് 134707/- രൂപയും നൽകിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 12/01/2018 ലെ ഡെവ.ബി2.26035/16(1) ഉത്തരവു പ്രകാരം പഠനമുറിക്കുള്ള ധനസഹായം രണ്ടു ലക്ഷം രൂപയായി ഉയർത്തിയ ഉത്തരവ് ഫയലിൽ ചേർത്തിട്ടുണ്ട്. എന്നാൽ പട്ടികജാതി വികസന വകുപ്പ് നൽകുന്ന ധനസഹായമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് തദ്ദേശസ്വയം ഭരണ വകുപ്പ് 17-18 ലെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. അവസാന രണ്ടു ബില്ലുകൾ 18-19 സാമ്പത്തിക വർഷത്തിലേതാണ് . നിലവിൽ 17-18 വർഷത്തിൽ അധികം നൽകിയ തുക 30000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-4 <u>എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണീച്ചർ.വാങ്ങൽ നടപടിക്രമങ്ങളിലെ അപാകത</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി – പ്രൊജക്ട് നമ്പർ –2/18

ബിൽ നമ്പർ. 11/17-18 dt.19.1.18 തുക. 149250

ബിൽ നമ്പർ.22/17-18 തിയ്യതി.23/05/18 തുക.14925 Q bill

ഈ പർച്ചേസുമായി ബന്ധപ്പെട്ട പ്രധാന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1.നാലു സ്ഥാപനങ്ങൾ ടെൻഡർ സമർപ്പിച്ചിട്ടുണ്ട്. പലതിന്റേയും വില തെരഞ്ഞെടുത്തതിന്റേതിനേക്കാൾ കുറവുമാണ്. ഇക്കാര്യത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനിച്ചിരിക്കുന്നത് സാംപിൾ പരിശോധിച്ച് ഗുണനിലവാരം ബോധ്യപ്പെട്ടവ തെരഞ്ഞെടുത്തു എന്നാണ്. ക്ഷമതയുള്ള ആരാണ് ഗുണനിലവാരം നിശ്ചയിച്ചത്, എത്ര സ്ഥാപനങ്ങൾ സാംപിൾസ് കൊണ്ടുവന്നു, ഗുണനിലവാരമായി ബോധ്യപ്പെട്ടത് എന്ത് എന്നിങ്ങനെയുള്ള വിവരങ്ങൾ ഒന്നും ഫയലിലില്ല.

2.05/08/2017 ലെ ടെൻഡർ പരസ്യം നം.AS/Tender/2017 പ്രകാരം മരത്തിലോ സ്റ്റീലിലോ നിർമ്മിച്ച കസേര, രണ്ടു ഡ്രോകളോടു കൂടിയ മേശ എന്നിവക്കാണ് ടെൻഡർ ക്ഷണിച്ചത്. വ്യക്തമായ ഒരു സ്പെസിഫിക്കേഷനും നോട്ടീസിൽ രേഖപ്പെടുത്തിയിട്ടില്ല.

3. സ്പെസിഫിക്കേഷൻ ഇല്ലാത്തതിനാൽ സ്ഥാപനങ്ങൾക്ക് കൃത്യമായ തുക രേഖപ്പെടുത്താൻ കഴിയാതെ പോയി.

4. സ്ഥാപനങ്ങൾ സമർപ്പിച്ച ടെൻഡർ സ്പെസിഫിക്കേഷൻ പരിശോധിച്ച് കംപാരിറ്റീവ് സ്റ്റേറ്റ് മെന്റ് തയ്യാറാക്കിയിട്ടില്ല.

5. കുറഞ്ഞ തുക രേഖപ്പെടുത്തിയ സ്ഥാപനങ്ങളോട് സാംപിൾസ് കൊണ്ടു വരാനാവശ്യപ്പെട്ട് കത്ത് നൽകിയിട്ടില്ല.

ഇതു സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ പ്രത്യേക നിർദ്ദേശങ്ങൾ ഇല്ലാത്തതിനാലാണ് സ്പെസിഫിക്കേഷൻ ടെൻഡർ നോട്ടീസിൽ ചേർക്കാതിരുന്നത് എന്ന മറുപടി സ്വീകാര്യമല്ല. എസ്റ്റിമേറ്റ് തുകയ്ക്ക് അകത്ത് ആവശ്യകത പരിഗണിച്ച് സ്പെസിഫിക്കേഷൻ നിശ്ചയിക്കേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ ഉത്തരവാദിത്വമാണ്. സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം വാങ്ങലുകൾ നടത്താൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 3-5 <u>അസി.സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്ടുകളിലെ വാങ്ങലുകളിലെ പൊതു അപാകതകൾ.</u>

അസി.സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകൾ പരിശോധിക്കുമ്പോൾ കണ്ട പൊതുവായ അപാകതകൾ താഴെ ചേർക്കുന്നു.

1.ടെൻഡർ നോട്ടീസിൽ വാങ്ങാനുദ്ദേശിക്കുന്ന സാധനം എന്താണോ അതിന്റെ സ്പെസിഫിക്കേഷൻ പല വാങ്ങലുകളിലും കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഇത് ടെൻഡർ ക്വോട്ട് ചെയ്യുന്ന സ്ഥാപനങ്ങൾക്ക് കൃത്യമായ ഒരു ഓഫർ നൽകുന്നതിന് വിലങ്ങുതടിയാകുന്നു.

2.ക്വോട്ട് ചെയ്യപ്പെട്ട സാധനങ്ങളുടെ നിരക്കുകൾ കൃത്യമായ ഒരു കംപാരിറ്റീവ് സ്റ്റേറ്റ്മെന്റിലൂടെ പരിശോധിക്കപ്പെടുന്നില്ല. ഏതെല്ലാം ഇനങ്ങൾ തെരഞ്ഞെടുത്തു എന്നോ, ഏതിനൊക്കെ സാംപിളുകൾ പരിശോധിക്കണമെന്നോ ഉള്ള കൃത്യമായ നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

3. സാംപിളുകൾ കൊണ്ടു വന്ന സംഗതികളിൽത്തന്നെ ആരൊക്കെ സാംപിൾ കൊണ്ടുവന്നു. അത് പരിശോധിച്ചത് ക്ഷമതയുള്ള ആളാണോ.പരിശോധനയുടെ മാനദണ്ഡമെന്താണ്, എന്തു കൊണ്ട് സാംപിളുകൾ നിരസിച്ചു, എന്തു കൊണ്ട് സ്വീകരിച്ചു എന്നിങ്ങനെയുള്ള ഒരു പരിശോധന റിപ്പോർട്ട് തയ്യാറാക്കുന്നില്ല.

4.ടെൻഡർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ടെൻഡർ ഫോമുകളുടെ വില ഈടാക്കിയ വിവരം, ഇ.എം.ഡി അടവാക്കിയത്, അത് തിരിച്ച് കൊടുത്തത് . സെക്യൂരിറ്റി ഡെപ്പോസിറ്റുകളുടെ അടവു വിവരം ഇത്തരം അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു തരത്തിലുള്ള രജിസ്റ്ററും സൂക്ഷിക്കുന്നില്ല.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-6 <u>ബാലസഭ പ്രവർത്തനങ്ങൾക്ക് കൈമാറിയ തുകയുടെ വിനിയോഗം കൃത്യമല്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ. 48/17-18 (ബാലസഭ)

ബിൽ നമ്പർ.7/17-18 തിയ്യതി.19/01/18

ബാലസഭ പ്രവർത്തനങ്ങൾക്കായി 50000/- രൂപ കുടുംബശ്രീ സി.ഡി.എസിന് കൈമാറിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഗണിത വിസ്മയം, ബാലസഭ ട്രെയിനിങ്ങ് എന്നിവ നടത്തിയതായി കാണുന്നുണ്ടെങ്കിലും മുഴുവൻ പ്രവർത്തനങ്ങളെക്കുറിച്ചും ഫയലിൽ നിന്ന് വ്യക്തമല്ല.

2. പരിപാടികളുടെ റിപ്പോർട്ട് ഫയലിൽ ഇല്ല.

3. ഹാജരാക്കിയ അറ്റൻഡൻസിൽ തിയ്യതി ചേർത്തിട്ടില്ല. ഏത് പരിപാടിയുടെ അറ്റൻഡൻസ് എന്ന വ്യക്തമാക്കുന്ന രേഖകളില്ല.

4. ഫോട്ടോക്കായി 400 രൂപ ചെലവു ചെയ്തതായി വൗച്ചറുണ്ട്. പക്ഷേ ഫയലിൽ ഫോട്ടോഗ്രാഫുകൾ ഒന്നും തന്നെയില്ല.

5. താഴെ ചേർക്കുന്ന ഇനങ്ങളുടെ സബ് വൗച്ചറുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഇനം | തിയ്യതി | തുക |
|---|---|---|---|
| 1 | ഫാക്കൽറ്റി ഫീസ് | 10/12/17 | 4000 |
| 2 | ഭക്ഷണം | 29/11/2007 | 5410 |
| 3 | ബാനർ | 29/11/2007 | 360 |
| 4 | കൺവേയൻസ് | 29/11/2007 | 690 |
| ആകെ | | | 10460 |

ഇു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയെങ്കിലും വൗച്ചറുകൾ ബോധ്യപ്പെടുത്തിത്തരാൻ കഴിഞ്ഞില്ല. രേഖകളുടെ അഭാവത്തിൽ 10460 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-7 <u>ആശ്രയ കുടുംബങ്ങൾക്ക് ഭവന നിർമ്മാണം. പ്രവർത്തി ആരും സാക്ഷ്യപ്പെടുത്തുകയോ സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്തിട്ടില്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ –അസിസ്റ്റന്റ് സെക്രട്ടറി

1) പ്രോജക്ട്. 164/17-18 (വീട് നിർമ്മാണം – ആശ്രയ) – ചെലവു തുക – 104000/-

2) പ്രോജക്ട്.47/17-18 (ആശ്രയ കുടുംബങ്ങൾക്ക് ഭവന നിർമ്മാണം) – ചെലവു തുക – 400000/-

ചെക്ക് നമ്പർ 63105/14.09.17- 75000

ചെക്ക് നമ്പർ 63106/09.11.17- 25000

ചെക്ക് നമ്പർ63107/04.04.18- 50000

ആകെ. - 150000

ആദ്യത്തെ പ്രോജക്ടിൽ ആകെ നാലുലക്ഷം രൂപ ആശ്രയയുടെ സി.എഡി.എസിന്റെ പേരിലുള്ള 32455981 നമ്പർ ആശ്രയ പ്ലാൻ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ഇതിൽ നിന്നും മൂന്നു തവണകളായി 150000/- രൂപ ഷീല പള്ളത്ത് എന്ന ഗുണഭോക്താവിന് കൈമാറിയിട്ടുണ്ട്. വീട്ടു പണി ആരെങ്കിലും പരിശോധിച്ചതായോ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ പുറപ്പെടുവിച്ചതായോ രേഖകളില്ല. ബാക്കി 250000 രൂപ അക്കൗണ്ടിൽ ചെലവു ചെയ്യാതെ അവശേഷിക്കുന്നു.

2. ബിൽ നമ്പർ. 7/17-18 തിയ്യതി. 19.01.18-50000

ബിൽ നമ്പർ.13/17-18 തിയ്യതി. 15.02.18 – 50000

ബിൽ നമ്പർ. 16/17-18 തിയ്യതി. 23.03.18- 4000

ആകെ -104000

രണ്ടാമത്തെ പ്രോജക്ടിന്റെ ഭാഗമായി മുൻപ് ഭവന നിർമ്മാണം പൂർത്തിയാക്കാത്ത വിശാലാക്ഷി അശോകൻ എന്ന ഗുണഭോക്താവിന് മൂന്നു ഗഡുക്കളായി 104000 രൂപ നൽകിയിട്ടുണ്ട്. ലൈഫ് പദ്ധതിയിലുൾപ്പെടുത്തി മുൻപ് നൽകിയ തുകക്ക് അനുപാതികമായാണ് ഈ തുക അനുവദിച്ചത്. ഈ പ്രോജക്ടിലും ഭവന നിർമ്മാണം ആരെങ്കിലും മോണിറ്ററിംഗ് നടത്തിയതായോ, സ്റ്റേജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതായോ രേഖയില്ല. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ പണി പൂർത്തീകരിച്ചഫോട്ടോ ഫയലിലുണ്ട് എന്നറിയിക്കുകയുണ്ടായി. പ്രവർത്തിയുടെ വിവിധ ഘട്ടങ്ങളിൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയോ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യുന്നില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ആശ്രയ പോലുള്ള പദ്ധതികളിൽ ഓരോ ഘട്ടവും നിരീക്ഷിക്കുകയും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്.

## 3-8 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ചെലവു തുക 167205/- രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം – സെക്രട്ടറി

| പ്രോജക്ട് നമ്പർ, പേര് | ബിൽ നമ്പർ | തിയ്യതി | തുക | ആർക്ക് നൽകി എന്ന് |
|---|---|---|---|---|
| 178/18. ഐ.എം.എ ബ്ലഡ് ബാങ്ക് ഷെയർ | 8/17-18 | 15/09/17 | 100000 | സെക്രട്ടറി. ജില്ലാപഞ്ചായത്ത്.തൃശ്ശൂർ |
| 6/18ഐ.കെ.എം.ഷെയർ | 3/17-18<br>23/17-18 | 30/06/17<br>20/03/18 | 47275<br>19930 | ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം |
| ആകെ | | | 167205 | |

രേഖകൾ ഹാജരാക്കുന്നതു വരെ 167205/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 ജാഗ്രതാ സമിതി ഓഫീസിലേയ്ക്ക് ഫർണ്ണീച്ചർ. കംപ്യൂട്ടർ,പുസ്തകങ്ങൾ വാങ്ങൽ-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തു

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ
പദ്ധതി നം.S0058/18
ഫർണ്ണീച്ചർ, അടങ്കൽ-19000,ചെലവ്-17350
ബിൽ നം.7/2017-18,തി.17.02.2018
കംപ്യൂട്ടർ, അടങ്കൽ-32300, ചെലവ്-31250
ബിൽ നം. 9/2017-18,തി.28.02.2018
ആകെ ചെലവ് – 48600/-

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ജാഗ്രത സമിതി ഓഫീസിലേക്ക് ഫർണ്ണീച്ചർ,കംപ്യൂട്ടർ,പുസ്തകങ്ങൾ വാങ്ങൽ പദ്ധതി പ്രകാരം അലമാര,മേശ,കസേരകൾ,കംപ്യൂട്ടർ എന്നിവ വാങ്ങുന്നതിന് 48600/- രൂപ ചെലവഴിച്ചിട്ടുണ്ട്.എന്നാൽ ടി വാങ്ങലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിരുന്നില്ല.ഭൗതിക പരിശോധന നടത്തിയതിൽ ജാഗ്രത സമിതിക്കു

വേണ്ടി പ്രത്യേകം ഓഫീസ് മുറി സജ്ജമാക്കിയതായോ ബോർഡ് സ്ഥാപിച്ചിട്ടുള്ളതായോ കണ്ടില്ല.ഐ സി ഡി എസ് ഓഫീസ് മുറി,ജന്റർ റിസോഴ്സ് സെന്റർ,ജാഗ്രത സമിതി ഓഫീസ് എന്നിവയെല്ലാം കൂടി ഒറ്റ മുറിയാണുള്ളത്.

ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (ഓഡിറ്റ് എൻക്വയറി നം.13/11.04.2019) ഫർണ്ണീച്ചർ,കംപ്യൂട്ടർ എന്നിവ വാങ്ങിയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനക്ക് ഹാജരാക്കി.ജാഗ്രത സമിതി പ്രവർത്തനത്തിനും ജൻഡർ റിസോഴ്സ് സെന്റർ പ്രവർത്തനത്തിനുമായി ജൻഡർ റിസോഴ്സ് സെന്റർ എന്ന പദ്ധതി 2019-20 സാമ്പത്തിക വർഷം വിഭാവനം ചെയ്തിട്ടുണ്ടെന്നും ആയതുപ്രകാരം ജാഗ്രത സമിതിക്ക് പ്രത്യേകം ഓഫീസ് മുറി 2019-20 സാമ്പത്തിക വർഷം സജ്ജമാക്കുമെന്നും മറുപടി നൽകിയിട്ടുണ്ട്. ആയതു നടപ്പിലാക്കുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-10 കൃഷി ഓാഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

(1) പ്രൊജക്ട് നം.S0046/18

പദ്ധതിയുടെ പേര്.ജലസുരക്ഷ പദ്ധതി

അടങ്കൽ തുക .1,00,000/-

ചെലവഴിച്ച തുക.90,990/- (തനതു ഫണ്ട്)

| വൗച്ചർ നമ്പർ | തിയതി | തുക |
|---|---|---|
| 21700593 | 26.09.17 | 13510 |
| 21700911 | 01.01.18 | 17480 |
| 21701399 | 31.03.18 | 60000 |

ജലസുരക്ഷ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ ഒരു സമഗ്ര ജല വിഭവ സർവ്വേ നടത്തി മാപ്പ് ചെയ്ത് പ്രസിദ്ധീകരിക്കുന്നതിനായി സി.എസ്.ആർ.ഡി എന്ന സ്ഥാപനത്തിന് 60000/- രൂപ നൽകി.എന്നാൽ സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതായോ, പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനങ്ങൾ ഉള്ളതായോ കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓാഡിറ്റ് എൻക്വയറി 28/16.04.19 നൽകി. നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി സി.എസ്.ആർ.ഡി എന്ന സ്ഥാപനത്തെ ക്വട്ടേഷൻ മുഖേന തെരഞ്ഞെടുത്തതാണെന്നും ഗ്രാമ പഞ്ചായത്തിന്റെ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കിയ പരിചയവും ഏജൻസിയുടെ ഈ മേഖലയിലുള്ള പരിചയവും കണക്കിലെടുത്ത് ഈൗ സ്ഥാപനത്തിന് പ്രവൃത്തി ഏൽപ്പിച്ചു നൽകിയെന്നുമാണ് മറുപടി നൽകിയത്. ചട്ടപ്രകാരം 50,000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

(2) താഴെ പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് ആദായനികുതി ഈൗടാക്കിയതായി കാണുന്നില്ല

| പ്രൊജക്ട് നം | പ്രൊജക്ടിന്റെ പേര് | തുക | ഏൽപ്പിച്ച സ്ഥാപനം |
|---|---|---|---|
| So 187/18 | നീർത്തട മാസ്റ്റർ പ്ലാൻ | 48000/- | സി.എസ്.ആർ.ഡി |
| So 046/18 | ജലസുരക്ഷ പദ്ധതി | 60000/- | സി.എസ്.ആർ.ഡി |

ചെക്ക് നമ്പർ 025823/18.6.18, ചെക്ക് നമ്പർ 025830/04.08.18 എന്നീ ചെക്കുകൾ പ്രകാരമാണ് 48,000/-, 60,000/- എന്നീ തുകകൾ സി.എസ്.ആർ.ഡി. എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുള്ളത്.

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 28/16.4.19 നൽകി.മറുപടിയിൽ ആദായനികുതി ഈടാക്കുന്നത് അറിവില്ലാത്തതിനാലാണ് ഈടാക്കാതിരുന്നതെന്നാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ ഭാവിയിൽ ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

(3) കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കിഴങ്ങ് വിള പ്രോത്സാഹനം,സുഗന്ധ വിള വികസനം എന്നീ പ്രൊജക്ടുകളിൽ ഒട്ടുമിക്ക അപേക്ഷകളിലും 1 യൂണിറ്റ്,2 യൂണിറ്റ് (1 യൂണിറ്റ് കിഴങ്ങ്=20 kg, 1 യൂണിറ്റ് സുഗന്ധ വിള =5kg)എന്നിങ്ങനെയാണ് ആവശ്യപ്പെട്ടിട്ടുള്ളത്.എന്നാൽ എല്ലാ അപേക്ഷകർക്കും 3 യൂണിറ്റ് (60 kg കിഴങ്ങ്,15 kg ഇഞ്ചി) വീതം നൽകിയിട്ടുണ്ട്.അപേക്ഷകന്റെ സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിലല്ല വിത്തുകൾ വിതരണം ചെയ്തിട്ടുള്ളത്. ചില അപേക്ഷകൾ താഴെ ചേർക്കുന്നു.

| മേൽവിലാസം | സ്ഥലം | വിത്തുകൾ നൽകിയത് | അപേക്ഷപ്രകാരം |
|---|---|---|---|
| ഷീബ റ്റി.എം കുറ്റക്കാരൻ ഹൗസ് തേറമ്പം | 0.0202 ഹെക്ടർ | 60 kg = ചേന<br>15 kg = ഇഞ്ചി | 1 യൂണിറ്റ്( 20 kg)<br>1 യൂണിറ്റ്( 5kg) |
| ലിസി ആദായി പഴയിടത്ത് ഹൗസ് കച്ചിത്തോട് | 0.0222 ഹെക്ടർ | " " | " " |
| രാധ പി.വി പാറയ്ക്കൽ ഹൗസ് പുല്ലാനിക്കോട് | 0.0405 ഹെക്ടർ | " " | " " |
| സിന്ധു എൻ.എസ് പാമ്പുങ്ങൽ ഹൗസ് മാറ്റാംപുറം | 0.0486 ഹെക്ടർ | " " | " " |

ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ ഒരു അപേക്ഷയിൽ പോലും കൃഷി ഓഫീസറുടെ ശുപാർശ രേഖപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 28/16.4.19 നൽകി, ആയതിനു നൽകിയ മറുപടി തൃപ്തികരമല്ല. ഇത്തരം പ്രൊജക്ടുകൾ നടപ്പാക്കുമ്പോൾ കൃഷി ഓഫീസറുടെ ശുപാർശയോടെ, സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിൽ മാത്രം വിത്തുകൾ വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 സൗജന്യമായി വിട്ടുകിട്ടിയ സ്ഥലങ്ങൾ പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് കമ്മറ്റി മിനിട്സിൽ താഴെ പറയുന്ന പ്രകാരം വിവിധ പ്രൊജക്ടുകൾക്കായി പഞ്ചായത്തിന് സൗജന്യമായി വിട്ടുകിട്ടിയ സ്ഥലങ്ങൾ പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

| കമ്മറ്റി | സ്ഥലത്തിന്റെ വിശദാംശങ്ങൾ | | | പദ്ധതിയുടെ വിവരം |
|---|---|---|---|---|

| തീരുമാനം | ഉടമ | സർവെ നം | വിസ്തീർണ്ണം | |
|---|---|---|---|---|
| 8/29.3.17 | കെ.കെവിജയൻ | 367/2 | 2.52 സെന്റ് | താണിക്കടം 25-ാം നം അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് |
| 7/23.5.17 | മേക്കുട്ട് രാജു,രതി വേങ്ങോട്ടുപറമ്പിൽ,തുടങ്ങിയവർ | 135/10 | - | പഞ്ചായത്ത് റോഡ് നിർമ്മിക്കുന്നതിന് |
| 6/14.9.17, 3/30.11.17 | പാറക്കൽ ഗ്രേസി | 101/p | 2 cent | കിഴക്കെവെള്ളാനിക്കര കുടിവെള്ളപദ്ധതി |
| 8/14.9.17 | അലസകോടത്ത് കുരിയൻ | - | 1 cent | പീലിമൂലകുടിവെള്ളപദ്ധതി |
| 4/7.10.17 | -- | -- | -- | പനമ്പിള്ളി കുടിവെള്ളപദ്ധതിമോട്ടോർ പമ്പ്സെറ്റ് സ്ഥാപിക്കൽ |
| 1/28.10.17 | -- | -- | -- | മാറ്റാമ്പുറം ദേശത്ത് സ്ഥിതിചെയ്യുന്ന പഞ്ചായത്തിന്റെ കൈവശമുള്ള കുരിക്കുളം |
| 1/15.11.17 | തൈവലപ്പിൽ പങ്കൻ മകൻ കുട്ടപ്പൻ | | | ദീർഘാനി കുടിവെള്ളപദ്ധതി |
| 9(9)/ 15.11.17 | -- | 51/2 | 61 ച മീ | ടെൻസ് കുടിവെള്ളപദ്ധതി,വാർഡ്11 |
| 9(10)/15.11.17 | -- | 97/1 | 81 ച മീ | പാണ്ടിപ്പറമ്പ് പീലിമൂലകുടിവെള്ളപദ്ധതി |
| 5/22.12.17 | രാഘവൻ,കുറുമാമ്പുഴ | 607/2 | 5 cent | മാടക്കത്തറ കുടിവെള്ളപദ്ധതി |
| 4/12.2.18 | പ്രഭാകരൻ വൈശ്യപ്പാട്ട് | - | 0.0162 He | മാടക്കത്തറ കുടിവെള്ളപദ്ധതി |

തൃശ്ശൂർ റവന്യ ഡിവിഷണൽ ഓഫീസറുടെ നിർദ്ദേശമനുസരിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വകാര്യഭൂമി ആർജ്ജിക്കുന്നതു സംബന്ധിച്ച പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 178 പ്രകാരമുള്ള നടപടി സ്വീകരിച്ച് മേൽപ്രകാരം വിട്ടുകിട്ടിയ ഭൂമികൾ പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി 1/9.4.19)

# 3-12 കള്ളായി കുടിവെള്ളപദ്ധതി-പൂർത്തീകരണകാലാവധി ദീർഘിപ്പിച്ചുനൽകിയിട്ടില്ല

പ്രൊജക്റ്റ് നം-2015-16 -S0083/16

2016-17- S0047/17(spill over)

2017-18 - S0127/18(spill over)

അടങ്കൽ-എസ്.സി.പി.-1018549/-

കള്ളായി എസ്.സി കോളനിയിൽ കുടിവെള്ളപദ്ധതി നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ രണ്ടാംഘട്ടമാണിത്.2015-16 വർഷമാണ് പദ്ധതി ആരംഭിച്ചത്.മുൻവർഷങ്ങളിൽ കിണർ കുഴിച്ചിട്ടുള്ളതായി എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.വാട്ടർ ടാങ്ക്, പമ്പ് ഹൗസ് നിർമ്മാണം,പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നീ പ്രവൃത്തികളാണ് 2015-16 ലെ പ്രൊജക്റ്റിൽ ഉൾപ്പെടുത്തിയിരുന്നത്.

2015-16 ൽ ആസൂത്രണം ചെയ്ത ടി പ്രൊജക്റ്റ് 2016-17ൽ സ്പിൽ ഓവറാക്കിയെങ്കിലും പൂർത്തിയാക്കിയില്ല, തുടർന്ന് 2017-18ലേക്ക് സ്പിൽഓവർ ആക്കുകയും ട്രഷറി ബിൽ നം 2/30.6.17 പ്രകാരം 1010157/-രൂപ ചെലവഴിക്കുകയും ചെയ്തു.

2017-18ലും നിലവിലുണ്ടായിരുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പണികളും ചെയ്തിട്ടില്ല. എസ്റ്റിമേറ്റിലെ ഇനം 18,providing and fixing pvc pipes...... 535 m എന്ന പണി ചെയ്യാതെയാണ് തുക കരാറുകാരന് അനുവദിച്ചത്. ടി ഇനത്തിന്റെ ചെലവ് ഒഴിവാക്കി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയാണ് ചെയ്തിട്ടുള്ളത്.പൈപ്പിടുന്നതിന് മാത്രമായി 145/18നമ്പറിൽ കള്ളായി കുടിവെള്ളപദ്ധതി എന്ന പേരിൽ 2017-18ൽ മറ്റൊരു പ്രൊജക്റ്റ് നടപ്പാക്കി,ആയതിന്റെ ചെലവ് ₹562876/-
ജി.ഒ.(എം.എസ്) നമ്പർ 4/2016/തസ്വഭവ തിയ്യതി. 11.1.16 ഖണ്ഡിക xii(ഇ), ജി.ഒ.(എം.എസ്) നമ്പർ 72/17/ തസ്വഭവ തിയ്യതി. 29.3.17 ഖണ്ഡിക 6(8)(2) എന്നീ പദ്ധതി മാർഗ്ഗരേഖകളിൽ സ്പിൽ ഓവർ പ്രോജക്റ്റുകളുടെ പൂർത്തീകരണത്തെകുറിച്ച് പരാമർശിക്കുന്നുണ്ട്. സ്പിൽഓവർ പ്രോജക്റ്റ് സ്പിൽ ഓവറായ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. അതായത് 2015-16ലെ മേൽ പ്രൊജക്റ്റ് 2016-17ൽ തന്നെ പൂർത്തീകരിക്കേണ്ടതായിരുന്നു.

കരാറുകാരൻ കെ.എസ്.സുധീഷുമായി 4.3.2016നാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. സെലക്ഷൻ നോട്ടീസ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടത് 30.9.2016നാണ്.പണി പൂർത്തിയാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കണമെന്ന് കരാറുകാരൻ 20.6.2016ന് അസി.എഞ്ചിനീയർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എടുത്ത നടപടിയുടെ വിവരം ഫയലിൽ കാണുന്നില്ല. അളവു പുസ്തകം 41/16-17 പ്രകാരം അവസാനത്തെ അളവ് എടുത്തിരിക്കുന്നത് 11.4.2017-നാണ്. കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റ് വക്കുകയോ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടതിന് കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കുകയോ ചെയ്തിട്ടില്ല.ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി 20/12.4.2019ന് ലഭിച്ച മറുപടിയിൽ കൃഷിയുടെ വിളവെടുപ്പുമൂലമാണ് സമയബന്ധിതമായി പണി പൂർത്തീകരിക്കാനാവാതിരുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റ് വച്ച് കാലാവധി ദീർഘിപ്പിച്ചു നൽകേണ്ടതായിരുന്നു. അപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല. അപാകതകൾ ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു

# 3-13 സർക്കാർ മാർഗ്ഗനിർദ്ദേശപ്രകരാമല്ലാത്ത ഇനങ്ങൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചു

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷികപദ്ധതി (2017-18) തയ്യാറാക്കൽ മാർഗ്ഗരേഖ (ജി.ഒ.(എം.എസ്) നമ്പർ 72/2017/തസ്വഭവ) തിയതി.29.3.17, ഖണ്ഡിക 13-8ൽ പതിന്നാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്തിനൊക്കെ വേണ്ടി ചെലവഴിക്കാം എന്നു വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം താഴെപറയുന്ന പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കാവൂ.

1) ശുചിത്വം, കക്കൂസ് ,മാലിന്യ പരിപാലനം

2) മലിനജല നിർഗമനം, ഖരമാലിന്യ പരിപാലനം

3) ശ്മശാനങ്ങൾ സ്ഥാപിക്കൽ

4) കുടിവെള്ള വിതരണം

5) നടപ്പാതകളുടെ നിർമ്മാണം,തെരുവുവിളക്ക സ്ഥാപിക്കൽ

6) ഗ്രാമപഞ്ചായത്തിന്റേയും ഘടകസ്ഥാപനങ്ങളുടേയും കെട്ടിടങ്ങൾ ഒഴികേയുള്ള സാമൂഹിക ആസ്തികളുടെ പരിപാലനം, സംരക്ഷണം.

7) റോഡ് സംരക്ഷണം, പരിപാലനം

എന്നാൽ ഇതിൽനിന്നും വ്യത്യസ്തമായി താഴെ പറയുന്ന പ്രോജക്ടുകൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് | നിർവ്വഹണം |
|---|---|---|---|---|---|
| 1 | 77/18 | വിവിധ ഓഫീസുകളിലേക്ക് കമ്പ്യൂട്ടർ | 188845 | 188845 | സെക്രട്ടറി |
| 2 | 152/18 | പഞ്ചായത്ത് ഓഫീസ് ട്രസ്, പെയിന്റിംഗ്,മെയിന്റനൻസ് | 405000 | 333171 | അസി.എഞ്ചിനീയർ |
| 3 | 156/18 | മീറ്റിംഗ് ഹാൾ പൂർത്തീകരണം | 435667 | 435667 | അസി.എഞ്ചിനീയർ |

ക്രമ നം 1:- കമ്പ്യൂട്ടർ ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് വാങ്ങുന്നതിന് നിർദ്ദേശമില്ല

ക്രമ നം 2,3 :- ഗ്രാമപഞ്ചായത്തിന്റേയും ഘടകസ്ഥാപനങ്ങളുടേയും കെട്ടിടങ്ങൾ ഒഴികേയുള്ള സാമൂഹിക ആസ്തികളുടെ പരിപാലനം സംരക്ഷണം എന്നിവയാണ് ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ചെയ്യാവുന്നത്. ആയതിനാൽ ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് ഈ ഫണ്ട് ഉപയോഗിക്കാവുന്നതല്ല.

ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി 2/9.4.2019)

# 3-14 മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

## (1) റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്)നംപർ 72/2017/ ത.സ്വ.ഭ.വ /29-3-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം. ഓഡിറ്റ് എൻക്വയറി 4/9.4.2019 ന് ലഭിച്ച മറുപടിയിൽ മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം റോഡ് കണക്ടിവിറ്റി മാപ്പ്, പ്ളാൻ എന്നിവ തയ്യാറാക്കിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.ഇവ തയ്യാറാക്കി അയതുപ്രകാരം റോഡ് പ്രവൃത്തികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

**(2)നിർമ്മാണപ്രവൃത്തികളുടെ വിവരങ്ങൾ പ്രദർശിപ്പിച്ചിട്ടില്ല.**

മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6(5)പ്രകാരം നിർമ്മാണപ്രവൃത്തികളുടെ പ്രധാന വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള ബോർഡ് പ്രവൃത്തി സ്ഥലത്ത് സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ തുക വകയിരുത്തുകയോ ബോർഡ് സ്ഥാപിക്കുകയോ ചെയ്തിട്ടില്ല.ഓഡിറ്റ് എൻക്വയറി 4/9.4.2019 ന് ലഭിച്ച മറുപടിയിൽ നിർവ്വഹണോദ്യോഗസ്ഥ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നത് പ്രൊജക്ടുകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് അത്യാവശ്യമാണ്. ആയതിനാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 3-15 <u>റോഡ് പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകിയത് - അപാകതകൾ</u>

പഞ്ചായത്ത് കമ്മറ്റിയുടെ 1/12.7.17 തീരുമാനപ്രകാരം റോഡ് പ്രവൃത്തികൾക്ക് കരാറുകാർക്ക് പഞ്ചായത്തിൽ നിന്നും ടാർ വാങ്ങി നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്.അസി.എഞ്ചിനീയർ ഓഡിറ്റ് വർഷം 25 റോഡ് പ്രവൃത്തികൾക്കായി 28,68,027/-രൂപ പിൻവലിച്ച് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. ടി തുകയും തനത്ഫണ്ടിൽ നിന്നും 20,059/-രൂപയും അടക്കം 28,88,086/-രൂപക്കാണ് 2017-18വർഷത്തിൽ ടാർ വാങ്ങിയിട്ടുള്ളത്.

പഞ്ചായത്തിൽ നിന്നും തുക ചെലവഴിച്ചതിന്റെയും ടാർ ലഭിച്ചതിന്റെയും വിവരം താഴെ കൊടുക്കുന്നു.

| തുക ചെലവഴിച്ചതിന്റെവിവരം | | | ടാർ ലഭിച്ചതിന്റെ വിവരം | | |
|---|---|---|---|---|---|
| വൗച്ചർ നം/ തിയതി | ചെക്ക് നമ്പർ | തുക | ഇൻവോയ്സ് നമ്പർ | ഇനം | തുക |
| 21700950/ 24.1.18 | 1174876 | 834987/- | BPCL 4550081922/ 1.2.18 | VG-30 60 Barrel | 327478 |
| | | | 4550081927/ 1.2.18 | VG-30 41 Barrel RS 1 15 Barrel | 326378 |
| | | | 4550082803/ 2.2.18 | VG-30 31 Barrel | 169654 |
| 21700951/ 24.1.18 | 1174877 | 358812/- | HINCOL 4207102439/ 5.2.18 | SS-1 28 Barrel | 367815 |
| 21701065/ 24.1.18 | 1174877 | 20059/- | | | |
| **ആകെചെലവ്** | | **12,13,858** | **ആകെ വില** | | **11,91,325** |

| | | | | | |
|---|---|---|---|---|---|
| 21701065/ 28.2.18 | 1174882 | 1328282/- | BPCL 4550097506/ 5.3.18 | VG-30 32 B RS-1 23 B | 327904 |
| | | | 4550099715/ 9.3.18 | VG-30 60 B | 322619 |
| | | | 4550102947/ 15.3.18 | VG-30 60 B | 322619 |
| | | | 4550104082/ 17.3.18 | VG-30 40 B | 215079 |
| | | | 4550107412/ 24.3.18 | VG-30 25 B | 134424 |
| 21701066/ 28.2.18 | 1174883 | 316551/- | HINCOL 116377/15.3,18 | SS-1 27 Barrel | 348068 |
| 21701067/ 28.2.18 | 1174883 | 29395/- | | | |
| **ആകെ ചെലവ്** | | **16,74,228** | **ആകെ വില** | | **16,70,713** |
| ഒട്ടാകെ | | 28,88,086/- | ഒട്ടാകെ | | 28,62,038 |

പഞ്ചായത്തിൽ നിന്നും BPCL,HINCOL എന്നീ സ്ഥാപനങ്ങൾക്ക് കൈമാറിയ തുകയേക്കാൾ കുറഞ്ഞ തുകയ്ക്കുള്ള ടാറും ഇമൾഷനും ആണ് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളതെന്ന് മേൽപറഞ്ഞ പട്ടികയിൽ നിന്നും വ്യക്തമാണ്. അധികം അനുവദിക്കപ്പെട്ട തുക (₹26,048/-) ടി സ്ഥാപനങ്ങളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

മേൽ പറഞ്ഞപ്രകാരം വാങ്ങിയ VG-30,RS-1,SS-1 എന്നിവ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും വിവരം രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റ് സമയത്ത് പരിശോധനക്ക് ലഭ്യമാക്കിയിരുന്നില്ല.ആയതിനാൽ ഓരോ കരാറുകാരനും എത്ര അളവിൽ ബിറ്റുമെൻ ,ഇമൽഷൻ എന്നിവ കൈമാറി ,എത്ര വീതം ഉപയോഗിച്ചു,ബാക്കി എത്രയുണ്ടെന്ന കൃത്യമായ വിവരം പരിശോധിക്കാനായിരുന്നില്ല.ഇക്കാര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 19/12.4.2019 ന് പഞ്ചായത്തിൽ നിന്നും 29.4.2019 തിയതിയിലെ A1-2837/19നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടിയിൽ സ്റ്റോക്ക് രജിസ്റ്റർ ഉണ്ടെന്ന് അറിയിച്ചിട്ടുണ്ട് .ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

# 3-16 <u>കന്നുകുട്ടി പരിപാലന പദ്ധതി-പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതാണ്.</u>

<u>പ്രൊജക്റ്റ് നം-S0075/18</u>

നിർവ്വഹണം-വെറ്ററിനറി സർജൻ

അടങ്കൽ-വികസന ഫണ്ട്(ജനറൽ)-8,00,000/-

ഗുണഭോക്തൃവിഹിതം- 8,00 ,000/-, ആകെ-16,00,000/-

ചെലവ്-ട്രഷറി ബിൽ നം- P3- SLBP – 2017-18/23.02.18, ₹4,00,000
- P6- SLBP – 2017-18/23.03.18, ₹4,00,000
- -------------
- ആകെ ₹8,00,000

പദ്ധതി കാലയളവ് പൂർത്തീകരിക്കുന്ന മുറക്ക്, തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതും പദ്ധതിയിൽനിന്നും ഗുണഭോക്താക്കൾ വിട്ടുപോകുന്നതിനാൽ ബാക്കിവരുന്ന പഞ്ചായത്ത് പദ്ധതിവിഹിതം സർക്കാരിലേക്ക് അടവാക്കുന്നതിന് എസ്.എൽ.ബി.പിഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കേണ്ടതും ആയത് ഉറപ്പാക്കേണ്ടതുമാണ്.

# ഭാഗം-4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 150000 | പെയ് ൻ & പാലിയേറ്റീവ് | 150000 | 0 |
| | 2017-18 | 200000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 2017-18 | 175000 | ക്ഷീര കർഷകർക്ക് പാലിന് ധനസഹായം | 175000 | 0 |
| | 2017-18 | 3000000 | എൽ പി ജി ക്രിമിറ്റോറിയം | 338000 | 2662000 പ്രവർത്തി |

| | | | | | |
|---|---|---|---|---|---|
| | | | വിപുലീകരണം | | നടന്നു വരുന്നു. |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 199966 | 34 രൂപ തിരിച്ചടച്ചു. |
| | 2017-18 | 600000 | ക്ഷീര കർഷകർക്ക് ധനസഹായം | 590000 | 10000 ROP ആയി തിരിച്ചടച്ചു. |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | S007/18 – തെരുവ് വിളക്ക് സ്ഥാപിക്കൽ | 21701306/22.01.18 | 401679 | 601679 | 0 |
| | | 21701063/ 28.02.18 | 200000 | 601679 | 0 |
| | S0067/18 – Str. main വലിച്ചിട്ട് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 21701307/22.01.18 | 134491 | 134491 | 0 |
| | 194/18 വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 21701425/ 27.3.18 | 411840 | 411840 | 0 |
| മുന്നിരിപ്പ് 2495983 | | | | | |
| cost ford | 183/18, LPG ക്രിമറ്റോറിയം | 21701269/24.11.17 | 290000 | 194818 | 2301165 |
| | | 21700958/ 31.01.18 | 338000 | 0 | 628000 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച് -

| ക്രമ നം. | കൺവീനറുടെ പേര് | ബിൽ / വൗച്ചർ നം. / ചെക്ക് നം. | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|

| |
|---|
| ഇല്ല |

## 4-4 വായ്പ / വായ്പ തിരിച്ചടവ്-

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇല്ല | | | | | | |

## 4-5 സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്-

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1685470 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 149914 | |
| 3 | ആകെ | 1835321 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1835321 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| | ബോണ്ട് | - | 5000 |
| | സ്ഥിര നിക്ഷേപം | അമ്പലപ്പാട് സർവ്വീസ് സഹകരണ ബാങ്ക് | 500000 |
| | സ്ഥിര നിക്ഷേപം | തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്, മണ്ണുത്തി | 1000000 |

## 4-6 ഓഡിറ്റ് റിക്കവറി

2017-18 വർഷത്തിൽ ഈയിനത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | | | | |

| |
|---|
| വിവരം ലഭ്യമല്ല |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 67121360 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75237400 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 307665 |

**ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3(2)(i) | 1,00,000 | ടി.എൽ.അജിത്പ്രസാദ്,അസി.സെക്രട്ടറി |
| 3-3(2)(ii) | 30,000 | ടി.എൽ.അജിത്പ്രസാദ്,അസി.സെക്രട്ടറി |
| 3-6 | 10460 | ടി.എൽ.അജിത്പ്രസാദ്,അസി.സെക്രട്ടറി |
| 3-8 | 167205 | വേലായുധൻ.വി.എൻ,സെക്രട്ടറി |
| | 307665 | |

**(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച |
|---|---|

| | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1976-77 | എൽ.എഫ്.ടി.എസ്2-1639/11/28.10.11/06.12.11 |
| 1977-78 | |
| 1983-84 | |
| 1984-85 | |
| 1985-86 | |
| 86-87&87-88 | |
| 88-89&89-90 | |
| 1991-92 | |
| 1993-94 | |
| 1994-95&95-96 | |
| 97-98,99-00<br>2000-01, വരവ് | എൽ.എഫ്.ടി.എസ്8-358/14/14.03.14/11.4.14 |
| 2000-01 ജനകീയാസൂത്രണം | എൽ.എഫ്.ടി11-1342/04/07.08.14/13.09.14 |
| 2001-02,2002-03, 2003-04 | എൽ.എഫ്.ടി.എസ്8-358/14/14.03.14/11.4.14 |
| 2004-05 | എൽ.എഫ്.ടി11-2275/08/26.07.10 |
| 2005-06 | എൽ.എഫ്.ടി11-2276/08/26.07.10 |
| 2006-07 | എൽ.എഫ്.ടി11-592/09/16.01.12/09.02.12 |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.ടി.പി4/1357/12/15.12.12/13.05.13 |
| 2011-12 | എൽ.എഫ്.ടി.പി4/341/2013/8.07.13/05.10.13 |
| 2012-13 | എൽ.എഫ്.ടി.പി8/2136/13/5.05.14/3.7.14 |
| 2013-14 | എൽ.എഫ്.ടി.പി8- 14/2015/ 02.06.15/25.07.15 |
| 2014-15 | കെ .എസ് .എ -ടി .എസ് .ആർ-പി 8 -1194/16,<br>20.7 2016 |
| 2015-16 | കെ .എസ് .എ -ടി .എസ് . ആർ-പി 8 -1194/16, 29.7.16 |
| 2016-17 | കെ .എസ് .എ -ടി .എസ് . ആർ-(പി8) 982/17/, 4.7.17 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം,**
**തൃശ്ശൂർ.**

# അനുബന്ധം -1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ(പി8)839/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ -680020

ഫോൺ 0487 2331249

email: dotsr.ksad@keralagov.in

തീയതി: 13/06/19

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ **മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ** വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ** വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

# അനുബന്ധം -2

# ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| | സംക്ഷിപ്തം(AuditedAbstract) | പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട് |
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

പ

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ